19-03-2023

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/03/2023.

1. കേരള സംസ്ഥാന കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യത്തിനായി കർഷകർക്ക് ജൂൺ 30 വരെ അപേക്ഷിക്കാവുന്നതാണെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. കടാശ്വാസ കമ്മീഷൻ മുഖേന കാർഷികവായ്പകൾക്കു നൽകിവരുന്ന കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി ഇടുക്കി, വയനാട് ജില്ല ഒഴികെ മറ്റു എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കേരള സംസ്ഥാന കടാശ്വാസ കമ്മീഷനിൽ കർഷകർക്ക് കടാശ്വാസത്തിന് അപേക്ഷ നൽകാവുന്നതാണ്. കർഷകർ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നത്.

2. കേരള കാർഷിക സർവകലാശാല കാർഷിക കോളേജ് വെള്ളാനിക്കരയിലെ പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ഗജേന്ദ്ര ഇനത്തിൽപ്പെട്ട ചേന വിത്ത് വില്പനയ്ക്ക് ലഭ്യമാണ്. വില കിലോയ്ക്ക് 50 രൂപ കൂടുതൽ വിവരങ്ങൾക്ക് 0487-2371340 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള 2022 - 23 സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ വാഴ, പച്ചക്കറി എന്നിവയ്ക്കായി തുറസായ സ്ഥലത്ത് കൃത്യതാകൃഷിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തുള്ളി നന സൗകര്യത്തോടു കൂടിയുള്ള കൃഷി, പ്ലാസ്റ്റിക് മൾച്ചിംഗ് എന്നീ ഘടകങ്ങൾ ചെയ്യുന്ന യൂണിറ്റുകൾക്കാണ് ധനസഹായം നൽകുക. ഇത്തരത്തിൽ വാഴയ്ക്ക് ഹെക്ടർ ഒന്നിന് 96,000 രൂപയും പച്ചക്കറി ഹെക്ടർ ഒന്നിന് 91,000 രൂപയും ധനസഹായം അനുവദിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനായി കൃഷിയിടം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായോ ജില്ലാ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഹോർട്ടികൾച്ചർ മിഷനുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ജില്ലാ ഓഫീസറുടെ ഫോൺ നമ്പറിനും www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ ഹോർട്ടികൾച്ചർ മിഷൻ - കേരള ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർമിഷൻ- കേരള, യൂണിവേഴ്സിറ്റി പി ഒ പാളയം, തിരുവനന്തപുരം ഫോൺ നമ്പർ **0471 – 2330857, 9188954089**

### പരിശീലന പരിപാടി

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 2016-17 മുതൽ നടത്തിവരുന്ന, ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ചപരിപാലന സർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷവും തുടരുന്നതാണ്. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഉൾപെടുന്നതാണ് രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധികവരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗികപരിചയം സഹായിക്കും. താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ **04812353127, 7306464582** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

### കാർഷിക നിർദ്ദേശങ്ങൾ

5. തക്കാളിയിൽ കാൽസ്യത്തിന്റെ അഭാവംമൂലം തക്കാളിയുടെ കായുടെ അഗ്രഭാഗം കറുത്ത് കാണപ്പെടാം. കാൽസ്യത്തിന്റെ അഭാവം കായ് വളർച്ചയെ സാരമായി ബാധിക്കുന്നതിനാൽ സെന്റിന് 3 കിലോഗ്രാം എന്നതോതിൽ കുമ്മായം മണ്ണൊരുക്കുമ്പോൾ തന്നെ ചേർത്ത് കൊടുക്കുന്നതിലൂടെ വിളകൾക്ക് ആവശ്യമുള്ള കാൽസ്യം നൽകാനാവും. രൂക്ഷമായ കാൽസ്യത്തിന്റെ അഭാവം കാണുന്നുണ്ടെങ്കിൽ കാൽസ്യം നൈട്രേറ്റ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കാവുന്നതാണ്.